നം. 9/2016/SRG

# സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി

## 18.01.17 ഉച്ചയ്ക്ക് 12.30 മണിക്ക്

## സ്ഥലം - ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബർ

### അജണ്ട

1. പാറത്തോട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 21.12.16 ലെ എ3-7819/16-ാം നമ്പർ കത്തും 14.10.16 ലെ VI (II) -ാം നമ്പർതീരുമാനവും

**ചെറുകിട-നാമമാത്ര കർഷകർക്ക് ജലസേചന പമ്പ് സെറ്റ് വിതരണം എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.**

വാർഷിക പദ്ധതിയിലുള്ള "ജലസേചന പമ്പ് സെറ്റ് വിതരണം" എന്ന പ്രോജക്ടിന് (പ്രോ.നം. 27/17 അടങ്കൽ 3.80 ലക്ഷം രൂപ). ഡി.പി.സി. അംഗീകാരം ലഭിച്ചു. എന്നാൽ മാർഗ്ഗരേഖയനുസരിച്ച് വ്യക്തിഗത ആനുകൂല്യം നൽകാൻ കഴിയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനനുസരിച്ച് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1. എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.16 ലെ എ2-1728/16(2)-ാം നമ്പർ കത്തും 22.12.16 ലെ 10-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ഭവനനിർമ്മാണ പ്രോജക്ടുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.**

വാർഷിക പദ്ധതിയിൽ ഭവനനിർമ്മാണത്തിന് ആകെ 3,22,800/- രൂപ (രണ്ടു പ്രോജക്ടുളിലായി) വകയിരുത്തിയിട്ടുണ്ട്. ഇതേപോലെ 2015-16 ലും ഭവന നിർമ്മാണത്തിന് ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉൾപ്പെടുത്തിയിരുന്നു. അവ സ്പിൽ ഓവറായി തുടരുന്നുണ്ട്. പുതിയ മാർഗ്ഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാൻറ് ഭവനനിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ല.

3. കുളത്തൂർപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.16 ലെ എ5-1627/2016-ാം നമ്പർ കത്ത്.

**പ്രതിഭാസംഗമം 2017 എന്ന സാംസ്കാരിക പ്രോജക്ടിന് അനുമതിസംബന്ധിച്ച്.**

വിദ്യാർത്ഥികൾക്ക് കലാമത്സരം, വിജയികൾക്ക് ക്യാഷ് അവാർഡ്, ട്രോഫി, റിപ്പബ്ളിക് ദിനാഘോഷ യാത്ര തുടങ്ങിയവയ്ക്ക് 1.00 ലക്ഷം രൂപ തനതു ഫണ്ടുവച്ച് പ്രോജക്ടിന്

ഡി.പി.സി. അംഗീകാരം നേടിയിരുന്നു. കഴിഞ്ഞ 17 വർഷവും സർക്കാർ അനുമതിയോടെയാണ് ഈ പ്രോജക്റ്റ് നടപ്പാക്കിയത്. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

4 നെന്മണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.11.2016 ലെ കത്തും 07.10.16 ലെ 11-ാം നമ്പർ തീരുമാനവും.

**മണലിപ്പുഴയിലെ ഓടൻചിറ റെഗുലേറ്റർ ഉയർത്തുന്നതിനും താഴ്ത്തുന്നതിനും തനതുഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.**

പഞ്ചായത്തിലെ പ്രധാന ജലസേചന കുടിവെള്ള സ്രോതസ്സാണ് മണലിപ്പുഴ. ജലവിതാനം നിയന്ത്രിക്കുന്നതിന് പുഴയിലെ ഓടൻചിറ റഗുലേറ്റർ ഉയർത്തുകയും താഴ്ത്തുകയും ചെയ്യേണ്ടതുണ്ട്. ജലസേചനവകുപ്പിന് ഫണ്ടില്ലാതെ വന്നു. ഷട്ടർ താഴ്ത്തിയില്ലെങ്കിൽ പുഴയിലെ വെള്ളം ശേഖരിച്ചു നിർത്താൻ കഴിയില്ലാതെ വന്നപ്പോൾ വ്യക്തിപരമായി 10,000/- രൂപ പ്രസിഡന്റ് ചെലവഴിച്ചു. വൗച്ചറിന്റെ അടിസ്ഥാനത്തിൽ തുക തിരികെ ലഭിക്കുന്നതിന് തനതുഫണ്ടു ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

5 പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.16 ലെ എ3-7819/16-ാം നമ്പർ കത്തും 14.10.16 ലെ VI (10)-ാം നമ്പർ തീരുമാനവും

**ഗ്രോബാഗിന് 60 രൂപ സബ്സിഡി നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

നിലവിലെ മാർഗ്ഗരേഖപ്രകാരം അനുവദനീയ സബ്സിഡി 20 രൂപയാണ് ഇത് 60 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

6 സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 21.12.16 ലെ SIDCO/MKTG/ജനറൽ 16-17-ാം നമ്പർ കത്ത്.

**സിഡ്കോ വിപണനം നടത്തുന്ന ഉത്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.**

സിഡ്കോയ്ക്ക് നിലവിൽ ഉരുക്ക്, തടിയുൽപ്പന്നങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് ഉണ്ട്. മറ്റ് ഉല്പന്നങ്ങൾ വാങ്ങുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു.

7. പെരുവന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.16 ലെ എ4-551/16-ാം നമ്പർ കത്ത്.

**ഗാർഹിക ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചതിന് ശുചിത്വമിഷൻ തുക അനുവദിക്കുന്നത് സംബന്ധിച്ച്.**

2012-13 വർഷം മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗാർഹിക ബയോഗ്യാസ് പ്ലാൻറിന് അംഗീകാരം ലഭിക്കുകയും 406250/- രൂപ (50% തുക) റെയ്ഡ്കോയ്ക്ക് നല്കുകയും ചെയ്തു. 0.5m3 ന് പകരം 1 m3 പ്ലാന്റാണ് വിതരണം ചെയ്തത്. ശുചിത്വമിഷന്റെ സാങ്കേതിക അനുമതി ലഭിച്ചിരുന്നില്ല. അതിനാൽ ശുചിത്വമിഷൻ വിഹിതം ലഭിച്ചില്ല. സാധൂകരണം നല്കണമെന്നും തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

(8) പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ P1-1056/16-ാം നമ്പർ കത്ത്.

**കർഷകർക്ക് സബ്സിഡി നൽകുന്നതു സംബന്ധിച്ച് താഴെപ്പറയുന്നവയ്ക്ക് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.**

(i) കർഷകർ സ്വന്തമായി ഉല്പാദിപ്പിക്കുന്നതോ വാങ്ങി ഉപയോഗിക്കുന്നതോ ആയ ജൈവവളത്തിന് സബ്സിഡി ബാങ്കുവഴി നൽകണം

(ii) ചെറുകിട കർഷകരെക്കൂടി സബ്സിഡി നൽകുന്നതിന് ഉൾപ്പെടുത്തണം.

(iii) പച്ചക്കറിതൈകൾ, പച്ചക്കറിവിത്തുകൾ എന്നിവയ്ക്ക് 100% സബ്സിഡി നൽകണം.

(9) പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ 22-12-16-ലെ കത്ത്

**കിണർ റീചാർജ്ജ് ചെയ്യുന്നതിന് ഏജൻസിയെ ഏല്പിക്കാൻ അനുമതി സംബന്ധിച്ച്.**

മുനിസിപ്പാലിറ്റിയിൽ ആകെ 9000 കിണർ ഉണ്ട് അവ റീചാർജ്ജ് ചെയ്യാനായി 'ജീവനം ജലസുരക്ഷ' എന്ന പദ്ധതി തയ്യാറാക്കിയിരിക്കുന്നു. മാർഗ്ഗരേഖയനുസരിച്ച് ഗുണഭോക്താവ് നേരിട്ടു ചെയ്യുമ്പോൾ 80 ശതമാനമോ, പരമാവധി 5000/- രൂപയോ നൽകണം. ഇതിനുപകരം ഏജൻസി മുഖേന ചെയ്താൽ 2500/- രൂപമാത്രമേ ആവുകയുള്ളു എന്നതിനാൽ ഏജൻസി മുഖേന ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(10) കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 20-12-2016-ലെ A4-3929-16-ാം നമ്പർ കത്ത്.

**പട്ടികജാതി സങ്കേതങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

വാർഷിക പദ്ധതി രേഖയിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 1,27,13,000/- രൂപ (പ്രോ.നം.687/17) വകയിരുത്തിയിരിക്കുന്നു. ഇത് വൈദ്യുതി ഇല്ലാത്ത സങ്കേതങ്ങളിൽ മാത്രം നിർവ്വഹണം നടത്തണം എന്ന നിബന്ധനയോടെയാണ് വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയിരുന്നത്. വൈദ്യുതിയുള്ള മേഖലയിലും സോളാർ ലൈറ്റ് സ്ഥാപിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(11) കണ്ണൂർ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 17.10.2016-ലെ E1-3371-16-ാം നമ്പർകത്ത്

**സ്കൂളുകളിൽ ജൈവപച്ചക്കറി കൃഷിത്തോട്ടം, ബയോഗ്യാസ് പ്ലാന്റ് എന്നിവയുള്ള രണ്ടു പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്.**

(I) വാർഷിക പദ്ധതിയാൽ വിദ്യാലയങ്ങളിൽ ജൈവപച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, വനവത്കരണം എന്ന പ്രോജക്ട് വിദ്യാഭ്യാസ മേഖലയിൽ അല്ലാത്തതിനാൽ നിർവ്വഹണം നടത്താൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 160 വിദ്യാലയങ്ങളിൽ അടങ്കൽ 5.00 ലക്ഷം രൂപ

(II) വാർഷിക പദ്ധയിൽ 24 വിദ്യാലയങ്ങളിൽ 10.00 ലക്ഷംരൂപ അടങ്കൽ തുകയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ പ്രോജക്ടിന് DPC അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടല്ലാത്തതിനാൽ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(12) ആലക്കോട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 15-12-2016-ലെ എ1-2534/16-ാം നമ്പർ കത്തും 07.11.2016 ലെ V-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ബയോഗ്യാസ് പ്ലാൻറ് നൽകിയതിൽ ശുചിത്വമിഷന്റെ വിഹിതം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.**

2012-13 വർഷം 94 ബയോഗ്യാസ് പ്ലാന്റ് റെയ്ഡ്കോ മുഖേന നൽകി. അടങ്കൽ 12,64,208/- രൂപ. ഇതിൽ ശുചിത്വമിഷന്റെ വിഹിതം 2,11,483/- രൂപയാണ്. റെയ്ഡ്കോ കേസുകൊടുത്തതിനാൽ ഈ തുകയും പലിശയും കോടതി ചെലവടക്കം 3,02,610/- രൂപ നൽകാൻ ശുചിത്വമിഷന് നിർദ്ദേശം നൽകാണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. 0.5m3 നു പകരം 1 m3 ബയോഗ്യാസ് പ്ലാന്റ് ആണ് നൽകിയത്.

13. അരീക്കോട് ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 07.11.2016 ലെ കത്ത്.

**ജില്ലാ ആസൂത്രണസമിതി അംഗീകരിക്കാത്ത 13 എസ്.സി.എസ്.പി. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.**

8 ഗ്രാമപഞ്ചായത്തുകളിലായി പട്ടികജാതി സങ്കേതങ്ങളിൽ ഭവന സുരക്ഷയ്ക്കായി 13 എസ്.സി.എസ്.പി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ആകെ അടങ്കൽ 71.00 ലക്ഷമാണ്. കോളനികൾ സ്ഥിതി ചെയ്യുന്നത് ചെങ്കുത്തായ മലമ്പ്രദേശത്താണ്. അതിനാൽ കോളനികളിലെ വീടും ഭൂമിയും പ്രത്യേകം അതിര് കെട്ടി സംരക്ഷിക്കുകയാണ് ലക്ഷ്യം. ഇത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിലോ സംയോജിത നീർത്തടപദ്ധതിയിലോ ഉൾപ്പെടുത്തിചെയ്യണമെന്ന് ചൂണ്ടികാണിച്ച് ഡിപിസി അനുമതി നൽകിയില്ല. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

14. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.06.16 ലെ കത്ത്.

**കോഴിക്കോട് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.**

നവസാക്ഷരതർക്ക് നൈപുണി പോഷണത്തിനു വേണ്ടി 15 വർഷം മുൻപ് ജില്ലാ പഞ്ചായത്ത് 5.00 ലക്ഷം രൂപ മുടക്കി ആരംഭിച്ച പ്രോജക്ടാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ഇത് ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു. പ്രതിവർഷം ആയിരത്തോളം പേർക്ക് 40 മേഖലകളിൽ പരിശീലനം നൽകുന്നു. ഈ സെന്ററിന് വർഷം തോറും 10.00 ലക്ഷം രൂപ ഗ്രാന്റ് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

15. കോഴിക്കോടുജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2017-ലെ കത്ത്.

**നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി സംബന്ധിച്ച്.**

കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.16 ലെ യോഗത്തിൽ സാങ്കേതിക അനുമതി നൽകുന്നതു സംബന്ധിച്ച് എടുത്ത തീരുമാനം (ഖണ്ഡിക 2.21(II) റദ്ദുചെയ്യണമെന്നും 3.11.16 ലെ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലറിലെ സ്ഥിതി തുടരണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

16 കോഴിക്കോട്ടു മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 24.10.16 ലെ P1/98911/16ാംാം നമ്പർ കത്ത്. (LSGD-DA1/429/2016-LSGD)

**കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.**

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പ്രോജക്ട് ഡിപിസി അംഗീകരിച്ചിരിക്കുന്നു. (പ്രോ.നം. 643/2017 അടങ്കൽ തുക 26,64,908/- രൂപ) 18.03.16 ലെ ഉത്തരവുപ്രകാരം കമ്പ്യൂട്ടറും അനുബന്ധസാധനങ്ങളും വാങ്ങൽ, ഇൻസ്റ്റലേഷൻ,

റിപ്പയറിംഗ് ഇവ IKM – നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിക്കാത്തതിനാൽ തീരുമാനമായില്ല. പ്രോജക്ടു നടപ്പാക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

17 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (22.11.16)

**അങ്കണവാടികളിലെ കുട്ടികൾക്ക് ബേബി ബെഡ് നൽകൽ എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.**

വാർഷികപദ്ധതിയിൽ അങ്കണവാടി കുട്ടികൾക്ക് ബേബി ബെഡ് നൽകാനായി 5.00 ലക്ഷം രൂപയുടെ പ്രോജക്ട് (നം. 122/17) ഉൾപ്പെടുത്തിയിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ വിഷയ മേഖലയല്ലാത്തതിനാൽ ഡി.പി.സി. അംഗീകരിച്ചില്ല. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

18 കടപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.16 ലെ കത്ത്.

**നായാടി വിഭാഗത്തിൽപ്പെട്ടവർക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം നടത്താൻ അനുമതി സംബന്ധിച്ച്.**

തീർത്തും നിരാലംബരായ നായാടി വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങളിൽ 2 കുടുംബത്തിന് പുതിയവീടും 2 കുടുംബത്തിന് വീട് അറ്റകുറ്റപ്പണിയും ആവശ്യമുണ്ട്. (ലക്ഷം വീട്ട പദ്ധതിയിലെ ഇരട്ടവീട്) ഇവർക്ക് PWD/ അക്രഡിറ്റഡ് ഏജൻസിയുടെ എസ്റ്റിമേറ്റ് പ്രകാരം വീടുനിർമ്മിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

19 മടിക്കൈപാലിയേറ്റീവ് കെയർ സൊസൈറ്റി പ്രസിഡന്റിന്റെ 10.01.17 ലെ കത്ത്

**പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് ആവശ്യമായ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങാനുള്ള അനുമതി സംബന്ധിച്ച്.**

മടിക്കൈ പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് 2.00 ലക്ഷം രൂപവീതം എല്ലാവർഷവും പഞ്ചായത്തു നൽകുന്നുണ്ട്. പഞ്ചായത്തു സെക്രട്ടറിക്കുപകരം ഇപ്പോൾ PHC മെഡിക്കൽ ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. നേരത്തെ നീതിസ്റ്റോറിൽ നിന്നു മരുന്നുവാങ്ങിയിരുന്നു. ഇപ്പോൾ കാരുണ്യയിൽ നിന്നാണ് മരുന്ന് വാങ്ങുന്നത്. കാലതാമസം കാരണം ഇത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. നീതി സ്റ്റോറിൽ നിന്നു തന്നെ മരുന്നുവാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

20. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.16 ലെ കത്ത്

**വാർഷിക പദ്ധതിയിലെ 5 പ്രോജക്ടുകൾ ഗ്രാമസഭാ ലിസ്റ്റുകൾ ഇല്ലാത്തതിനാൽ നേരിട്ടുനടപ്പാക്കാൻ അനുമതി സംബന്ധിച്ച്**

വാർഷികപദ്ധതിയിലെ പ്രോജക്ടുകളായ 1. പപ്പടനിർമ്മാണ യൂണിറ്റിന് ധനസഹായം. 2. ഗാർമെന്റ് നിർമ്മാണ യൂണിറ്റിന് ധനസഹായം 3. തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിർമ്മാണ സാമഗ്രികളുടെ ഉല്പാദനയൂണിറ്റ് 4. വാഴകൃഷി വ്യാപനം, ഗ്രൂപ്പ് പച്ചക്കറി കൃഷി എന്നിവയ്ക്ക് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭ്യമാകാൻ താമസിക്കുന്നു. അതിനാൽ ഗ്രേഡിംഗ് കഴിഞ്ഞ ഗ്രൂപ്പുകളെ നേരിട്ട് ക്ഷണിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. (ആകെ അടങ്കൽ 24,28,500/- രൂപ)

21. മാവേലിക്കര –താമരക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.12.16 ലെ കത്ത്.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘത്തിന് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

പഞ്ചായത്തിലെ പട്ടികജാതി സൊസൈറ്റിക്ക് സോഡാ മേക്കിംഗ് യൂണിറ്റ് തുടങ്ങുന്നതിന് 2.00 ലക്ഷം രൂപ നൽകുന്നതിന് പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം മൂലധനത്തിന്റെ 50 ശതമാനത്തിലധികം നഷ്ടമുള്ള സൊസൈറ്റികൾക്ക് ധനസഹായത്തിനർഹതയില്ല. എന്ന നിബന്ധന കാരണം ഈ സൊസൈറ്റിക്ക് സഹായം നൽകാൻ കഴിയുന്നില്ല. (G.O. 4.16/LSGD dtd. 11.01.16 Page 162) പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

22. മഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 10.01.2017-ലെ കത്ത്

**വനിത, ഉല്പാദന മേഖലയിലെ വകയിരുത്തലിൽ കുറവു വരുത്തലിന് അനുമതി സംബന്ധിച്ച്.**

ഈ വർഷം ഉൽപാദന മേഖലയിൽ വകയിരുത്തിയിരുന്ന (വനിതാ ഘടക പദ്ധതിയിലും ഉൾപ്പെട്ടിരിക്കുന്ന) തുകയിൽ നിന്ന് 50.00 ലക്ഷം രൂപ മറ്റു മേഖലയിലേയ്ക്ക് (വീട്, വീട് റിപ്പയറിംഗ്) വകമാറ്റാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(രണ്ട് പ്രോജക്ടുകൾ, പ്രോജകട് നം. 473/17, എസ്.സി. വനിതകൾക്ക് ആട്, 30.00 ലക്ഷം രൂപ), പ്രോജക്ട് നം.474/17-എസ്.സി. വനിതകൾക്ക് കറവയുള്ള എരുമകൾ 20.00 ലക്ഷം രൂപ)

23. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2017-ലെ കത്ത്

**അന്ധ വിദ്യാലയത്തിന് ബ്രെയിൻ ലിപിയോടെയുള്ള കമ്പ്യൂട്ടർ നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്**

കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ 1980 മുതൽ പ്രവർത്തിച്ചുവരുന്ന ഹെലൻ കെല്ലർ സ്മാരക അന്ധവിദ്യാലയത്തിൽ ബ്രെയിൻ ലിപിയോട്ടു കൂടിയ 10 കമ്പ്യൂട്ടർ വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

24. എടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.17 ലെ കത്ത്.

PHC **യോടു ചേർന്ന ലാബിൽ ദിവസവേതനാടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കുന്നതു സംബന്ധിച്ച്.**

തദ്ദേശമിത്രം പദ്ധതി പ്രകാരം പഞ്ചായത്തിന് 2.00 കോടി രൂപ ലഭിച്ചു. ഇതുപയോഗിച്ച് പി.എച്ച്.സി. നവീകരിച്ച് പി.എച്ച്.സി യോടുചേർന്ന് ലാബ് പണിയുന്നു. ഇവിടെ ലാബ്ടെക്നീഷ്യനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

25. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.1.2017 ലെ P-24/17-ാം നമ്പർ കത്തും 30.01.16 ലെ 6-ാം നമ്പർ ഭരണസമിതി തീരുമാനവും.

**അമൽജ്യോതി സ്പെഷ്യൽ സ്കൂളിനുസ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്**

2015-16 ഡി.പി.സി അംഗീകരിച്ചതും 2016-17 ൽ സ്പിൽ ഓവർ ആയി തുടരുന്നതുമായ പ്രോജക്ടാണ്. ഭിന്നശേഷിക്കാരായി 80 വിദ്യാർത്ഥികൾ പഠിക്കുന്നു. സി.എം.സി. സിസ്റ്റേഴ്സിന്റെ കീഴിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലോ സമീപ പ്രദേശത്തോ ഇത്തരം സ്കൂൾ ഇല്ല. ഈ സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിച്ചു നൽകാൻ 3.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സർക്കാർ അനുമതിയുണ്ടങ്കിലേ നിർവ്വഹണം നടത്താൻ കഴിയൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

26. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017 ലെ പി-26/16-ം നമ്പർ കത്തും 23.12.16 ലെ 11-ാം നമ്പർ ഭരണസമിതി തീരുമാനവും.

**കൊക്കോ കർഷകർക്ക് തുരിശും ചുണ്ണാമ്പും വിതരണം ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്.**

കൊക്കോ കർഷകർക്ക് പഞ്ചായത്തിൽ നിന്ന് യാതൊരാനുകൂല്യവും നൽകുന്നില്ലെന്നും ധാരാളം കൊക്കോ കർഷകർ ഉള്ളതിനാൽ തുരിശും കുമ്മായവും സബ്സിഡിയായി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

27 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.17 ലെ പി.27/17-ാം നമ്പർ ഭരണസമിതി തീരുമാനവും.

**പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്.**

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 17.18.16 ലെ 2464/16 തസഭവ ഉത്തരവനുസരിച്ച് പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികളുടെ അഭാവത്തിൽ ഡിഗ്രികോഴ്സിനും പോളിടെക്നിക്കുകളിലും പഠിക്കുന്ന കുട്ടികൾക്കും ലാപ് ടോപ് കൊടുക്കാമെന്ന ഉത്തരവിൽ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽപട്ടിക വർഗ്ഗ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

28 പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 04.01.17 ലെ പി1-2095/1-ാം നമ്പർ കത്ത്.

**ഓലപ്പുര നവീകരണം എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്**

കടലോര മേഖലയിൽ താമസിക്കുന്നവരുടെ ഓലമേഞ്ഞ വീടുകൾ വർഷം തോറും ഓലമേയുന്നതിന്റെ ഭാഗമായി ഈ വർഷം 9.99 ലക്ഷം രൂപയുടെ ഓലപ്പുര നവീകരണം എന്ന പ്രോജക്റ്റിന് ഡി.പി.സി അംഗീകാരം നൽകി എങ്കിലും മാർഗ്ഗരേഖ പ്രകാരമല്ലാത്തതിനാൽ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

29 നരിക്കുനി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ എ1-4680/16-ാം നമ്പർ കത്ത്

**10-12 മാസം പ്രായമായ പോത്തുകുട്ടികളെ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.**

മാർഗ്ഗരേഖ പ്രകാരം 18 മാസം പ്രായമുള്ള പോത്തുകുട്ടികളെ വാങ്ങുന്നതിനാണ് സബ്സിഡി നൽകുന്നത്. ഇത് 10-12 മാസമുള്ള പോത്തുകുട്ടികളെ വാങ്ങുന്നതിനാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

30. ബഹു. നെന്മാറ എം.എൽ.എയുടെ 11.01.17 ലെ കത്തും എലവൻഞ്ചേരി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 04.01.17-ലെ എ2-4906/2016-ാം നമ്പർ കത്തും.

**മാലിന്യസംസ്കരണ പ്രോജക്ടുകൾ ഒഴിവാക്കി കുടിവെള്ള പ്രോജക്ടുകൾ എടുക്കാനുള്ള അനുമതി സംബന്ധിച്ച്.**

വരൾച്ചയെ നേരിടുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും കുടിയുള്ള പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ട്. തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിയാത്ത മാലിന്യസംസ്കരണത്തിനുവേണ്ടി രൂപീകരിച്ച പ്രോജക്ടുകൾ ഒഴിവാക്കി കുടിവെള്ള പ്രോജക്ടുകൾ എടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിലേക്കായി മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളുടെ വകയിരുത്തലിനുള്ള വാലിഡേഷൻ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

31 ബഹു. തിരുവമ്പാടി എം.എൽ.എ യുടെ 12.01.17 ലെ കത്തും കുടരഞ്ഞി പഞ്ചായത്തു പ്രസിഡന്റിന്റെ 09.01.17 ലെ എ2-2059/16-ലെ കത്തും.

**അറവുശാല നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾക്ക് ഇളവു നൽകുന്നതു സംബന്ധിച്ച്.**

ബ്ലോക്കു പഞ്ചായത്തു വിഹിതവും ഗ്രാമപഞ്ചായത്തു വിഹിതവും ഉപയോഗിച്ച് (ആകെ. 8.60 ലക്ഷം രൂപ) അറവുശാലയ്ക്ക് ഭൌതികസൌകര്യം ഒരുക്കിയിട്ടുണ്ട്. (2009 – 2010) എന്നാൽ ശുചിത്വമിഷന്റെ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. ഒരു ദിവസം 10- ൽ താഴെ ഉരുക്കുകളെ മാത്രമെ കശാപ്പചെയ്യാൻ ഉള്ളു എന്നതിനാൽ ഇപ്പോൾ ഉള്ള സൌകര്യം ഉപയോഗിച്ച് 1997 – 98 –ൽ നിർമ്മിച്ച കെട്ടിടത്തിൽ അറവുശാല ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

32. പത്തനംതിട്ട ജില്ലാ പഞ്ചായത്തുപ്രസിഡന്റിന്റെ 13.01.17 ലെ കത്തും ജില്ലാ കളക്ടറുടെ 09.01.17 ലെ ആർ.ഒ2- 1011/16/ ഡി.പി.ഒ/പി.റ്റി.എ കത്തും.

**സമഗ്ര എ.ബി.സി.എ.ആർ - തെരുവ് നായ്ക്കളുടെ പ്രജനനനിന്ത്രണ പദ്ധതി എന്ന പ്രോജക്ടിൽ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്.**

സ്പിൽ ഓവർ പ്രോജക്ടാണ്. ആകെ അടങ്കൽ 45.11 ലക്ഷം രൂപ. ഗ്രാമപഞ്ചായത്തു വിഹിതം 35.70 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തു വിഹിതം 9.41 ലക്ഷം രൂപയും പ്രോജക്ടിൽ നിർവ്വഹണരീതി എൻ.ജി.ഒ (Society for the Prevention Cruelty to Animals SPCA) മുഖേന എന്നും ധനകാര്യം വിശകലനം എന്നിവയിലും മാറ്റം വരുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. അടങ്കലിൽ മാറ്റമില്ല.

33. പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 04.01.17 ലെ കത്ത്.

**മത്സ്യതൊഴിലാളികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിനു തുല്യമായ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ ഉത്തരവിറക്കുന്നതു സംബന്ധിച്ച്.**

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മുഖേന പട്ടികവർഗ്ഗ വിഭാഗത്തിന് ആനുകൂല്യങ്ങൾ നൽകുന്ന മാനദണ്ഡങ്ങൾ തന്നെ മത്സ്യതൊഴിലാളികൾക്കും ബാധകമാക്കണമെന്ന് 29.09.16 ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നു. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

34. തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 06.01.17 ലെ സി7/7/17-ാം നമ്പർ കത്ത്.

**സാങ്കേതിക അനുമതി നൽകുന്നതു സംബന്ധിച്ച്**

28.12.16 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായുള്ളവരും എസ്റ്റിമേറ്റ് തയ്യാറാക്കിയവരും അതേ പ്രോജക്ടിന് സാങ്കേതിക അനുമതി നൽകാവാൻ പാടില്ല എന്ന് തീരുമാനിച്ചിരുന്നു. ഇത് പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

35 നെടുമങ്ങാട് ബ്ലോക്കു പഞ്ചായത്തിന്റെ 04.01.17 ലെ ഡി.11744/16ാം നമ്പർ കത്തും 09.11.2016 IV (2)-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ഗ്രന്ഥശാലകൾക്ക് എൽ.സി.ഡി. പ്രോജക്ടുകൾ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.**

അംഗീകൃത ഗ്രന്ഥശാലകൾക്ക് എൽ.സി.ഡി. പ്രോജക്ടുകൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിരുന്നില്ല. (പ്രോ.നം. 74/17 തുക 3.9 ലക്ഷം രൂപ) പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

36. പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.12.16 ലെ കത്തും 23.08.16 ലെ 1 (3)-ാം നമ്പർ തീരുമാനവും.

**പഴയ കമ്മ്യൂണിറ്റിഹാൾ പൊളിച്ചുമാറ്റി പുതിയ കമ്മ്യൂണിറ്റി ഹാളിന് ലോക ബാങ്ക് വിഹിതം ഉപയോഗിക്കുന്നതു സംബന്ധിച്ച്.**

പിന്നോക്കം നിൽക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ 2.00 കോടി രൂപ ലോക ബാങ്ക് വിഹിതമായി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ ഉള്ള കമ്മ്യൂണിറ്റി ഹാൾ കാലപ്പഴക്കം മൂലം

ജീർണ്ണാവസ്ഥയിലാണ്. 2014-15 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തിയതാണ്. ഇതു പൊളിച്ചുമാറ്റി ലോകബാങ്ക് വിഹിതമുപയോഗിച്ച് പുതിയതു പണിയാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

37. ബഹു. നിലമ്പൂർ എം.എൽ.എ യുടെ 21.12.16 ലെ കത്തും കുരുളായി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്തും

**P.W.D. റോഡിലെ ഓട വൃത്തിയാക്കുന്നതിന് അനുമതി സംബന്ധിച്ച്.**

കുരുളായി അങ്ങാടിയിൽ ഓടകൾ പൊട്ടിപൊളിഞ്ഞ് കിടക്കുകയാണ്. പി.ഡബ്ല്യു.ഡി വകയായ ഈ ഓടയുടെ സ്ലാബ് മാറ്റി സ്ഥാപിക്കുന്നതിന് 2015-16-ൽ 3.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

38. ബഹു തിരുവമ്പാടി എം.എൽ.എയുടെ 03.01.2017-ലെ കത്തും കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ A2-385/15-ാം നമ്പർ കത്തും 27.02.2016-ലെ 84-ാം നമ്പർ ഭരണ സമിതി തീരുമാനവും

**സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകുന്നത് സംബന്ധിച്ച്**

2015-16 വർഷം 1,65,728/- രൂപ (പ്രോജക്ട് നം. 372/16) വകയിരുത്തി സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ മാർഗരേഖയിൽ ഈ ഇനം ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

39. കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017-ലെ കത്തും അനുബന്ധങ്ങളും

**നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ജലനിധി പ്രോജക്ടിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.**

ജലനിധി പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 1.36 ലക്ഷം രൂപ കണ്ടെത്തേണ്ടതായിട്ടുണ്ട് പ്ലാൻ ഫണ്ട് തികയാത്തതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതം ജലനിധിക്കായി ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

40. ബഹു. മങ്കട എം.എൽ.എ.യുടെ 30.11.2016-ലെ 119/ മങ്കട/2016-ാം നമ്പർ കത്തും കുറുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2016-ലെ 288/16-ാം നമ്പർ കത്തും

**പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തി നിർമ്മിതികേന്ദ്രയെ ഏൽപ്പിക്കുന്നതിന് അനുമതി സംബന്ധിച്ച്**

പഞ്ചായത്ത് ഓഫീസ് നവീകരണത്തിന് 25.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. 8% സൂപ്പർവിഷൻ ചാർജ്ജോടെ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

41 ബുധനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.17-ലെ പി-004/17-ാം നമ്പർ കത്ത്.

(i) **സ്ഥലം ലഭ്യമല്ലാത്തതിനാൽ രണ്ടു പ്രോജക്ടുകൾ ഒഴിവാക്കി മറ്റു പ്രോജക്ടുകൾ എടുക്കുന്നത് സംബന്ധിച്ച്.**

പൊതു മാർക്കറ്റിനു സ്ഥലം വാങ്ങുന്നതിനും അങ്കണവാടിക്കു സ്ഥലം വാങ്ങുന്നതിനും രണ്ടു പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. (അടങ്കൽ യഥാക്രമം 12.71 ലക്ഷം രൂപ, 5.00 ലക്ഷം രൂപ) സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ പ്രോജക്ടുകൾ ഉപേക്ഷിച്ച് കുടിവെള്ള കിണർ നിർമ്മാണത്തിനും വീടു മെയിന്റനൻസിനും ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**(i) മുട്ടക്കോഴിയെ വളർത്തുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴിയെ വളർത്തുന്നതിന് 5.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകിയിരുന്നില്ല. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

42. തിരൂർ മുനിസിപ്പൽ ചെയർമാന്റെ 05.01.17 ലെ PW-24224/16-ാം നമ്പർ കത്തും 09.12.16 ലെ 14-ാം നമ്പർ തീരുമാനവും

**കെട്ടിടനിർമ്മാണ പ്രോജക്ടുകൾ FACT-RCF ബിൽഡിംഗ് പ്രോഡക്ട് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏല്പിക്കുന്നതു സംബന്ധിച്ച്.**

വാർഷിക പദ്ധതിയിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി എഞ്ചിനീയറിംഗ് കൺസൾട്ടന്റായി FACT-RCF ബിൽഡിംഗ് പ്രോഡക്ട് ലിമിറ്റഡ് എന്ന

സ്ഥാപനത്തെ പരിഗണിക്കുന്നതിനും കെട്ടിട നിർമ്മാണ ചുമതല ഏല്പിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

43. <u>പഞ്ചായത്ത് ഡയറക്ടറുടെ 15.12.2016-ലെ ജെ1-38859/16-ാം നമ്പർ കത്തും കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2016-ലെ **PL-164(1) /16-**ാം നമ്പർ കത്തും 11.08.2016-ലെ 1(3), 1(4),1(5)-ാം നമ്പർ തീരുമാനവും</u>

(i) **ഭിന്നശേഷിക്കാരുടെ കലാമേള നടത്തുന്നതിന് അനുമതി സംബന്ധിച്ച്**

വാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുള്ള കലാമേളയ്ക്ക് 25,000/- രൂപ വകയിരുത്തി യിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(ii) **വൃദ്ധജനങ്ങൾക്ക് ടേക് ഹോം റേഷൻ പരിപാടിക്ക് അനുമതി സംബന്ധിച്ച്.**

അശരണരായ വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് അംഗനവാടി മുഖേന ആഴ്ചയിൽ 6 ദിവസം ടേക് ഹോം റേഷനായി പയർ, പരിപ്പ്, റാഗി, ശർക്കര, ഗോതമ്പ്, അരി എന്നിവ നൽകുന്നതിന് 3,54,100/-രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**(ii) സമഗ്ര സ്ത്രീ സുരക്ഷാ പദ്ധതിയായ 'ജ്വാല' എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്.**

സ്ത്രീകളുടെയും കുട്ടികളുടെയും ശുചിത്വ, ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതിയാണ് 'ജ്വാല'. ഇതിൽ സ്കൂളുകളിൽ നാപ്കിൻ വെന്റിൻ മെഷീൻ സ്ഥാപിക്കുക, കുടുംബശ്രീ മുഖേന നാപ്കിൻ നിർമ്മാണത്തിന് പരിശീലനം നൽകി നിർമ്മാണ യൂണിറ്റ് തുടങ്ങുക, കൗൺസിലിംഗ് ഇവയാണ് ഉദ്ദേശിക്കുന്നത്, 2.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

44. ഗ്രാമ വികസന കമ്മീഷണറുടെ 24.10.2016-ലെ സി.ആർ.ഡി./122/2016-ഡി.പി.2 നമ്പർ കത്തും ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2015-ലെ VI –ാം നമ്പർ യോഗ തീരുമാനവും.

**അങ്കണവാടികൾക്ക് ഫർണിച്ചർ,ഉപകരണങ്ങൾ എന്നിവ നൽകിയതിന് സാധൂകരണം സംബന്ധിച്ച്**

2011-12 വർഷം അങ്കണവാടികൾക്ക് ഫർണിച്ചർ ഉപകരണങ്ങൾ എന്ന പ്രോജക്ടിൽ (പ്രോജ.നം.56/12 അടങ്കൽ - 4,22,500/- രൂപ) കുട്ടികൾക്ക് കുട നൽകുന്നതിന് 1,39,500/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പ് എഴുതിയിരിക്കുന്നു. കുട നൽകിയ പ്രവൃത്തിക്ക് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**45.** മാറാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 03.12.2016-ലെ A3-6008/16-ാം നമ്പർ കത്തും 21.11.2016-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും

**സുകൃതം 2016 സമഗ്ര ആരോഗ്യപരിപാടി പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സുകൃതം 2016 സമഗ്ര ആരോഗ്യ പരിപാടിയിൽ തിമിര നിർണ്ണയ ക്യാമ്പ്, കാൻസർ നിർണ്ണയ ക്യാമ്പ്, കിഡ്നി രോഗ നിർണ്ണയ ക്യാമ്പ്, പ്രതിരോധ കുത്തിവയ്പ്പ് എന്നിവയ്ക്കായി 4.75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.(പ്രോജ.നം. 161/17). ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.